പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **892**

**03.12.2014** ൽ മറുപടിക്ക്

<u>തിരുവനന്തപുരം വെള്ളായണി കായലിന്റെ തീര സംരക്ഷണത്തിനായുള്ള ജൈവവേലി നിർമ്മാണ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വെള്ളായണി കായലിന്റെ തീര സംരക്ഷണത്തിനായുള്ള ജൈവ വേലി നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | വെള്ളായണി കായലിന്റെ തീര സംരക്ഷണത്തിനായുള്ള ജൈവ വേലി നിർമ്മാണത്തിന് 6 ലക്ഷം രൂപ വെള്ളായണി കാർഷിക സർവ്വകലാശാലയ്ക്ക് 19-07-2013 ൽ ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാപഞ്ചായത്ത് പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ജലവിഭവ വകുപ്പ് എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (ബി) | ജലവിഭവ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടില്ല. |
| (സി) | കായൽ കയ്യേറ്റങ്ങൾ തടയുന്നതിനും, ശുദ്ധജല വിതരണസ്രോതസ്സായ കായലിന്റെ മലിനീകരണം തടയുന്നതിനും വകുപ്പു നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതികളുടെ നടത്തിപ്പു ചുമതല ആർക്കാണെന്ന് വെളിപ്പെടുത്തുമോ; | (സി) | 1.7 ഏക്കർ വസ്തുവിൽ കൈയ്യേറ്റങ്ങൾ കണ്ടെത്തുകയും ആകെ 33 കേസുകൾ ഉള്ളതിൽ 17 എണ്ണത്തിൽ നോട്ടീസ് നൽകുകയും തുടർ നടപടികൾക്കായി റവന്യൂ-സർവ്വേ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. വെള്ളായണിക്കായൽ സംരക്ഷണം സംബന്ധിച്ച് 18-11-2014 ന് ബഹു. വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടത്തിയ യോഗത്തിൽ ജലത്തിന്റെ ഗുണമേൻമ ഉറപ്പുവരുത്താൻ ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം നടപ്പിലാക്കാൻ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കായൽ സംരക്ഷണ കാര്യത്തിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ ഏകോപന ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ഡി) | കായൽ സംരക്ഷണ കാര്യത്തിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ ഏകോപന ചുമതല പരിസ്ഥിതി വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ